ലോറിയും സ്കൂട്ടറും കൂട്ടിയിടിച്ചു; 38കാരിക്ക് ദാരുണാന്ത്യം

പാലക്കാട്: ലോറിയും സ്കൂട്ടറും കൂട്ടിയിടിച്ച് യുവതിക്ക് ദാരുണാന്ത്യം. പാലക്കാട് - കോഴിക്കോട് ദേശീയ പാതയിൽ ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. പുലാപ്പറ്റ സ്വദേശിനി ദീപ മാത്യു ആണ് (38) മരിച്ചത്.

പാലക്കാട്ടെ ഒരു സ്വകാര്യ ആശുപത്രിയിലെ ലാബ് ജീവനക്കാരിയാണ് ദീപ. ഇന്ന് രാവിലെ ജോലിക്ക് പോകും വഴിയാണ് അപകടമുണ്ടായത്. ഉടൻ തന്നെ ആശുപത്രിയിലേത്തിച്ചെങ്കിലും യാത്രാമദ്ധ്യേ മരണം സംഭവിച്ചിരുന്നു. മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. മഴുവഞ്ചേരി സ്വദേശിയായ ബിനോയ് ആണ് ഭർത്താവ്. മക്കൾ - എൽസ, എയ്ഞ്ചൽ.

സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 59 | ലക്കം: 272 | 2025 ഫെബ്രുവരി 24 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

'പിന്നിൽ അരാജക സംഘടനകൾ'; ആശാ വർക്കർമാരുടെ സമരത്തെ വിമർശിച്ച് സിപിഎം, എളമരം കരീമിന്റെ ലേഖനം

കോഴിക്കോട്: ആശ വർക്കർമാർ നടത്തുന്ന സമരത്തെ വിമർശിച്ച് സി.പി.എം നേതൃത്വം. ഏതാനും ആശാ വർക്കർമാരെ തെറ്റിദ്ധരിപ്പിച്ച് നടത്തുന്ന സമരമാണിതെന്ന് പാർട്ടി മുഖപത്രത്തിൽ കേന്ദ്ര കമ്മിറ്റിയംഗം എളമരം കരീം എഴുതിയ ലേഖനത്തിൽ പറയുന്നു. ആർക്കുവേണ്ടിയാണ് ഈ സമര നാടകം എന്ന തലക്കെട്ടിലാണ് ലേഖനം എഴുതിയിരിക്കുന്നത്. മൂന്നാറിലെ ടാറ്റ ടീ എസ്റ്റേറ്റിലെ ഒരുവിഭാഗം തൊഴിലാളികളെ സംഘടിപ്പിച്ച് പൊമ്പിളൈ ഒരുമ എന്ന പേരിൽ നടത്തിയ സമരത്തിന്റെ തനിയാവർത്തനമാണിത്. ഇതേ മാതൃകയിൽ ചില അരാജക സംഘടനകൾ ഏതാനും ആശാ വർക്കർമാരെ തെറ്റിദ്ധരിപ്പിച്ച് ആരംഭിച്ചതാണ് ഇപ്പോഴത്തെ സമരമെന്നും ലേഖനം പറയുന്നു.

കേന്ദ്രസർക്കാരിന്റെ നാഷണൽ ഹെൽത്ത് മിഷൻ നേതൃത്വത്തിൽ 2005ലാണ് അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് (ആശ) എന്ന സ്കീം ആരംഭിച്ചതെന്ന് എളമരം കരീം ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. സാമൂഹ്യ-ആരോഗ്യപ്രവർത്തകർ എന്ന സങ്കൽപ്പത്തിന് സ്ത്രീകളെ മാത്രം നിയോഗിച്ചുള്ള പദ്ധതിയാണിത്. ഗ്രാമീണ ജനതയെ പൊതു ആരോഗ്യ പ്രസ്ഥാനവുമായി കൂട്ടിയിണക്കി ശിശുമരണനിരക്ക് കുറയ്ക്കാനും ഗർഭിണികളുടെ സുരക്ഷയ്ക്കും താഴെത്തലംവരെ ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിനും ലക്ഷ്യം വച്ചാണ് പദ്ധതി തുടങ്ങിയത്. സേവനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളെ സന്നദ്ധപ്രവർത്തകരായാണ് കണക്കാ ക്കേണ്ടതെന്നാണ് എൻഎച്ച്എം വ്യവസ്ഥ. ഈ കാരണങ്ങളാൽ ന്യായമായ ശമ്പളമോ മിനിമം വേതനം എന്ന തത്വമോ ബാധകമല്ല. ആശ, അങ്കണവാടി, എൻ.എച്ച്.എം, എം.എൻ.ആർ.ഇ.ജി തുടങ്ങിയവയെല്ലാം ഇത്തരം കേന്ദ്ര പദ്ധതികളാണെന്നും ലേഖനം ചൂണ്ടിക്കാട്ടുന്നു.

കേന്ദ്ര പദ്ധതികൾ വ്യവസ്ഥകൾ അനുസരിച്ച് നടപ്പാക്കാനേ സംസ്ഥാനങ്ങൾക്ക് അധികാരമുള്ളൂ. സംസ്ഥാന സർക്കാർ നിയമാനുസൃതം നിയമിക്കുന്നവർക്കു മാത്രമേ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ കഴിയൂ. സംസ്ഥാനത്ത് ആരോഗ്യവകുപ്പിനു കീഴിൽ സേവനമനുഷ്ഠിക്കുന്നവരായതുകൊണ്ട് മറ്റ് ജീവനക്കാരെ പോലെ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കണമെന്ന ആവശ്യം നിയമപ്രകാരം നടപ്പാക്കാൻ ഒരു സർക്കാരിനും സാധ്യമല്ല. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇപ്പോൾ നടക്കുന്ന സമരത്തെ പിന്തുണയ്ക്കുന്ന കോൺഗ്രസ് ഇക്കാര്യം നടപ്പാക്കിയിരുന്നോ എന്നും എളമരം കരീം ചോദിക്കുന്നു.

നിലവിലെ സമരത്തെ പിന്തുണയ്ക്കുന്ന യു.ഡി.എഫിനേയും ലേഖനത്തിൽ വിമർശിക്കുന്നുണ്ട്. കേന്ദ്രം തീരുമാനിച്ച ആശാ സ്കീം അന്ന് കേരളം ഭരിച്ചിരുന്ന യു.ഡി.എഫ് സർക്കാർ നടപ്പാക്കിയില്ല. 2006ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരാണ് സംസ്ഥാനത്ത് പദ്ധതി നടപ്പാക്കിയത്. വി.എസ്. സർക്കാരിന്റെ കാലത്ത് ഉത്സവബത്ത ആവശ്യപ്പെട്ട് ആശമാർ സി.ഐ.ടി.യു നേതൃത്വത്തിൽ ശബ്ദമുയർത്തി. ഇതിന്റെ ഫലമായി ഓണത്തിന് 500 രൂപ വീതം ഉത്സവബത്ത നൽകി. സംഘടനയുടെ ആവശ്യപ്രകാരം വി.എസ്. സർക്കാർതന്നെ പ്രതിമാസം 3000 രൂപ തോതിൽ ഓണറേറിയം നൽകാനും തീരുമാനിച്ചു. 2011ൽ വന്ന യു.ഡി.എഫ് സർക്കാർ അധികാരമേറ്റ് 14 മാസം പിന്നിട്ടിട്ടും ഓണറേറിയമോ ഇൻസെന്റീവോ നൽകിയില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

2016ൽ വന്ന പിണറായി സർക്കാരിൽ ആരോഗ്യമന്ത്രിയായിരുന്ന കെ.കെ.ശൈലജ മുൻകൈയെടുത്ത് ആശമാർക്ക് അനുകൂലനിലപാടുകൾ സ്വീകരിച്ചു. പിണറായി സർക്കാർ ഘട്ടംഘട്ടമായി ഓണറേറിയം 6000 രൂപയാക്കി. ഓണറേറിയവും ഇൻസെന്റീവും അക്കൗണ്ടുകളിലേക്ക് അയച്ചുകൊടുക്കാനും തീരുമാനിച്ചു. ഇതെല്ലാം നേടിയെടുത്തത് ആശാവർക്കേഴ്സ് ഫെഡറേഷൻ (സി.ഐ.ടി.യു) നടത്തിയ നിരന്തര പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ്. രണ്ടാം പിണറായി സർക്കാർ വന്നശേഷം എൻ.എച്ച്എം ഫണ്ടിലേക്ക് കേന്ദ്രം നൽകേണ്ട 468 കോടി രൂപ നൽകിയിട്ടില്ല. ഇത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി കാരണം ഇൻസെന്റീവ് കൃത്യസമയത്ത് നൽകാൻ കഴിയാതെ വന്നു. ഒടുവിൽ സംസ്ഥാന ഫണ്ടിൽനിന്ന് ഒരു വർഷം നൽകി. ഇതിനിടെ ആശമാർക്കുള്ള ആശ്വാസകിരൺ എന്ന ഇൻഷുറൻസ് പദ്ധതി കേന്ദ്രം റദ്ദാക്കി. ഈ സമയത്തും സി.ഐ.ടി. യുവല്ലാതെ ഒരു സംഘടനയും ശബ്ദമുയർത്തിയില്ല.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ഓണറേറിയത്തിൽ ആയിരം രൂപ എൽ. ഡി. എഫ് സർക്കാർ വർധിപ്പിച്ചു. ഈ വിധത്തിൽ നിരന്തരമായി ഇടപെടുന്ന സി.ഐ.ടി.യുവിനെയും സാമ്പത്തിക പ്രതിസന്ധികാലത്തും സഹായം അനുവദിച്ച സംസ്ഥാന സർക്കാരിനെയും ആരോഗ്യമന്ത്രി വീണാ ജോർജിനെയും അധിക്ഷേപിക്കുന്നവരുടെ ലക്ഷ്യം ആശമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കലല്ല.

തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സജീവമായ ഇടപെടലാണ് എൽ.ഡി.എഫ് സർക്കാർ നടത്തുന്നത്. അങ്ങനെയുള്ള സർക്കാരിന്റെ പ്രതിച്ഛായ തകർക്കാനുള്ള തൽപ്പരകക്ഷികളുടെ കെണിയിലകപ്പെട്ട ആശാവർക്കർമാരാണ് സെക്രട്ടറിയറ്റിനു മുന്നിൽ സമരം നടത്തുന്നത്. മഹാ ഭൂരിപക്ഷം ആശമാരും ഇപ്പോൾ നടക്കുന്ന രാഷ്ട്രീയ പ്രേരിതസമരത്തിന്റെ ഭാഗമല്ലെന്ന് പറഞ്ഞുകൊണ്ടാണ് ലേഖനം അവസാനിക്കുന്നത്.

പി.സി.ജോർജ് കോടതിയിൽ കീഴടങ്ങി

ഈരാറ്റുപേട്ട: മത വിദ്വേഷ പരാമർശത്തിൽ ബി.ജെ.പി. നേതാവും പൂഞ്ഞാർ മുൻ എം.എൽ.എയുമായ പി. സി. ജോർജ് കോടതിയിൽ കീഴടങ്ങി. ഹൈക്കോടതി മുൻകൂർ ജാമ്യം തള്ളിയതിന് പിന്നാലെ ഒളിവിൽ പോയ ജോർജ് ഇന്ന് കോടതിയിൽ കീഴടങ്ങുകയായിരുന്നു.

ഹൈക്കോടതി മുൻകൂർ ജാമ്യം തള്ളിയതിന് പിന്നാലെ ജോർജിനെ തേടി പോലീസ് പലതവണ വീട്ടിലെത്തിയിരുന്നു. എന്നാൽ വീട്ടിൽനിന്ന് വിട്ടുനിന്ന പി.സി. ജോർജ് താൻ തിങ്കളാഴ്ച ഹാജരാകാമെന്നായിരുന്നു പോലീസിനെ അറിയിച്ചത്. എന്നാൽ സ്റ്റേഷനിൽ ഹാജരാകാതെ അഭിഭാഷകനും ബിജെപി നേതാക്കൾക്കുമൊപ്പം മജിസ്ട്രേറ്റിന് മുന്നിലാണ് പി.സി.ജോർജ് എത്തിയത്.

ചാനൽ ചർച്ചയിൽ മതവിരുദ്ധ പരാമർശം നടത്തിയെന്നാരോപിച്ച് ഈരാറ്റുപേട്ട പോലീസ് രജിസ്റ്റർചെയ്ത കേസിൽ ജോർജിന്റെ മുൻകൂർ ജാമ്യാപേക്ഷ കഴിഞ്ഞ ദിവസമാണ് ഹൈക്കോടതി തള്ളിയത്. മുപ്പതുവർഷത്തോളം എം.എൽ.എ. ആയിരുന്നിട്ടും എളുപ്പം പ്രകോപനത്തിന് വശംവദനാകുന്ന പി.സി. ജോർജിന് രാഷ്ട്രീയക്കാരനായി തുടരാൻ അർഹതയില്ലെന്ന് ഹൈക്കോടതി ജാമ്യം തള്ളിക്കൊണ്ട് നിരീക്ഷിച്ചിരുന്നു.

മതവിദ്വേഷപരാമർശം ആവർത്തിക്കരുതെന്ന കർശന ഉപാധിയോടെയാണ് സമാന സ്വഭാവമുള്ള മുൻകേസുകളിൽ ജാമ്യം അനുവദിച്ചതെന്നും അത് ലംഘിച്ചതടക്കം കണക്കിലെടുത്താണ് മുൻകൂർജാമ്യം നിഷേധിച്ചതെന്നും കോടതി വ്യക്തമാക്കി. പി.സി. ജോർജ് മുൻപ് നടത്തിയ പ്രകോപനപരമായ പരാമർശങ്ങളും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാമ്യവ്യവസ്ഥ ലംഘിച്ചിട്ടും ഹർജിക്കാരന് മുൻകൂർജാമ്യം അനുവദിച്ചാൽ സമൂഹത്തിന് തെറ്റായ സന്ദേശമാകുമെന്നും കോടതി പറയുകയുണ്ടായി.

സമുദായ സ്പർധയും വിദ്വേഷവും പടർത്തുന്ന പ്രസംഗം നടത്തിയെന്ന കേസിൽ പി.സി. ജോർജിനെ മുമ്പും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

മലപ്പുറം സ്വദേശി ജിദ്ദയിൽ നിര്യാതനായി

ജിദ്ദ: മലപ്പുറം കോട്ടക്കൽ സ്വദേശി ഹൃദയാഘാതത്തെത്തുടർന്ന് ജിദ്ദയിൽ നിര്യാതനായി. പാറമ്മൽ സ്വദേശി കൊടക്കാട്ടിൽ ഹൈദ്രസ് (61) ആണ് മരിച്ചത്. ത്വാഇഫിൽ നിന്ന് സ്പോൺസറുടെ കൂടെ ജിദ്ദയിലെത്തിയ ഇദ്ദേഹത്തിന് നെഞ്ചുവേദന അനുഭവപ്പെടുകയും മരിക്കുകയുമായിരുന്നു. 25 വർഷത്തോളമായി സൗദിയിൽ പ്രവാസിയായിരുന്നു.

ഭാര്യ: ഫാത്തിമ, മക്കൾ: ജാവേദ് അഹമ്മദ് (ദുബൈ), ഗസൻഫർ ഹൈദ്രസ്, ഹാദിൽ ഹൈദ്രസ്. ജിദാനി ആശുപത്രി മോർച്ചറിയിലുള്ള മൃതദേഹം നടപടികൾ പൂർത്തിയാക്കി ജിദ്ദയിൽ ഖബറടക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു. നിയമസഹായങ്ങൾക്കും മറ്റും കെ.എം.സി.സി ജിദ്ദ വെൽഫയർ വിങ് രംഗത്തുണ്ട്.

മോദിയുടെ പിന്തുണ നേടാനുള്ള അടവ് നയമാണ് സി പി എമ്മിന്റേത്; തരൂർ വിവാദത്തിൽ അഭിപ്രായം പറയാനില്ല: ചെന്നിത്തല

കോഴിക്കോട്: തരൂരുമായി ബന്ധപ്പെട്ട വിവാദത്തിൽ താൻ അഭിപ്രായം പറയുന്നില്ലെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. ശശി തരൂർ ഇന്ത്യൻ എക്സ്പ്രസിന് നൽകിയ അഭിമുഖം രാഹുൽ ഗാന്ധിയെ കാണുന്നതിന് മുമ്പുള്ളതെന്നും അതിന് ശേഷം അദ്ദേഹം ഒരു അഭിപ്രായവും പറഞ്ഞിട്ടില്ലെന്നും രമേശ് ചെന്നിത്തല.

നേതാക്കൾ വിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും തദ്ദേശ തിരഞ്ഞെടുപ്പിന് സജ്ജരാകുകയും വേണം. പാർട്ടിയിൽ എല്ലാ നേതാക്കളും അനിവാര്യരാണ്. പാർട്ടിയിൽ ഇപ്പോൾ സങ്കീർണ്ണമായ പ്രശ്നങ്ങളില്ല.എന്ത് പ്രശ്നം ഉണ്ടെങ്കിലും പാർട്ടി നേതൃത്വം പരിഹരിക്കുമെന്നും രമേശ് ചെന്നിത്തല കോഴിക്കോട്ട് പറഞ്ഞു.

കോൺഗ്രസിനകത്ത് എല്ലാ കാലത്തും അഭിപ്രായങ്ങൾ തുറന്നു പറയാറുണ്ട്. സി.പി.ഐ. എമ്മിന്റെ അജണ്ട കോൺഗ്രസിനെ ദുർബലപ്പെടുത്തുക എന്നതാണ്, അത് എല്ലാവരും തിരിച്ചറിയണമെന്നും രമേശ് ചെന്നിത്തല.

ബി.ജെ.പിയുമായി കൂട്ട്കെട്ട് ഉണ്ടാക്കാനാണ് സി.പി.എം. ശ്രമിക്കുന്നതെന്ന് സിപിഎം കേന്ദ്ര കമ്മിറ്റിയുടെ ഫാസിസം സംബന്ധിച്ച രഹസ്യരേഖയെ ഉദ്ധരിച്ച് ചെന്നിത്തല പറഞ്ഞു.

ഇനി പുരോഗമന വാദികളാണെന്നും സി.പി.എം. പറയുമോ? രണ്ടാമതും എൽ. ഡി. എഫ്. അധികാരത്തിൽ വന്നത് ബി.ജെ.പിയുടെ വോട്ട് കൊണ്ടാണ്. മോദിയുടെ പിന്തുണ നേടാനുള്ള ഒരു അടവ് നയമാണിതെന്നും ചെന്നിത്തല പറഞ്ഞു.

പൾസർ സുനി വീണ്ടും പൊലീസ് കസ്റ്റഡിയിൽ, നടപടി ഹോട്ടലിൽ അക്രമം നടത്തിയ കേസിൽ

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ജാമ്യത്തിൽ കഴിയുന്ന പ്രതി പൾസർ സുനിയെ പൊലീസ് കസ്റ്റഡിയിൽ എടുത്തു. എറണാകുളം രായമംഗലത്ത് ഹോട്ടലിൽ അതിക്രമം നടത്തിയെന്ന കേസിലാണ് കുറുപ്പുംപടി പൊലീസ് സുനിയെ വീണ്ടും കസ്റ്റഡിയിൽ എടുത്തത്. ഹോട്ടലിലെ ഭക്ഷണം വൈകിയതിന് ഭീഷണി മുഴക്കിയെന്നും സാധനങ്ങൾ തല്ലി തകർത്തുവെന്നുമായിരുന്നു സുനിക്കെതിരെയുള്ള പരാതി.

അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം പ്രതിയെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയക്കും. ജീവനക്കാരെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ പൾസർ സുനി തെറി വിളിക്കുകയും ഭക്ഷണം വൈകിയതിന് ഹോട്ടലിലെ ഗ്ലാസുകൾ തകർത്തെന്നും എഫ്ഐആറിലുണ്ട്.

നടിയെ ആക്രമിച്ച കേസിൽ ഏഴര വർഷത്തെ ജയിൽ വാസത്തിന് ശേഷം കർശന ജാമ്യ വ്യവസ്ഥയിലാണ് സുനി പുറത്തിറങ്ങിയത്. ഇതിനിടെയാണ് വീണ്ടും കേസിൽ പെട്ടിരിക്കുന്നത്. എറണാകുളം ജില്ല വിട്ട് പോകാൻ പാടില്ല, സാക്ഷികളെ സ്വാധീനിക്കരുത്, മാദ്ധ്യമങ്ങളോട് സംസാരിക്കരുത്, ഒരു സിം മാത്രമേ ഉപയോഗിക്കാവൂ, പ്രതികളെയോ സാക്ഷികളെയോ ബന്ധപ്പെടരുത് എന്നീ ഉപാധികളാണ് കോടതി മുന്നോട്ടു വച്ചിരുന്നത്. ഇതിനുപുറമെ രണ്ട് ആൾ ജാമ്യവും ഒരു ലക്ഷം രൂപയുടെ ബോണ്ടും കെട്ടിവയ്ക്കണമെന്ന് കോടതി ആവശ്യപ്പെട്ടിരുന്നു. സുനിയുടെ സുരക്ഷ റൂറൽ പൊലീസ് ഉറപ്പാക്കണമെന്നും കോടതി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

മലപ്പുറത്ത് നിന്ന് കാണാതായ കുട്ടികളെ കോഴിക്കോട് മാളിൽ കണ്ടെത്തി

കോഴിക്കോട്: മലപ്പുറത്ത് നിന്ന് കാണാതായ സഹോദരങ്ങളുടെ മക്കളെ കോഴിക്കോട് കണ്ടെത്തി. മലപ്പുറം എടവണ്ണ തൂവക്കാട് നിന്ന് ഇന്നലെ വൈകീട്ട് കാണാതായ 10, 5 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെയാണ് കോഴിക്കോട് ഹൈലൈറ്റ് മാളിൽനിന്ന് കണ്ടെത്തിയത്.

കോഴിക്കോട് പൊറ്റമ്മലിൽ ബസ് ഇറങ്ങുന്ന സി.സി.ടി.വി ദൃശ്യം ലഭിച്ചിരുന്നു. ഇതേതുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഹൈലൈറ്റ് മാളിൽ കണ്ടെത്തിയത്. ഇന്നലെ വൈകീട്ടാണ് കുട്ടികൾ വീട്ടിൽനിന്ന് ഇറങ്ങിയത്. സമീപത്തുള്ള സ്ഥലത്ത് കളിക്കുകയാണെന്നാണ് രക്ഷിതാക്കൾ കരുതിയത്. എന്നാൽ, ഏറെ വൈകിയിട്ടും വരാതിരുന്നതോടെയാണ് അന്വേഷണം ആരംഭിച്ചത്. എടവണ്ണ പൊലീസിൽ പരാതി നൽകുകയും സമീപത്തെ സി.സി.ടി.വി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും ചെയ്തു. കോഴിക്കോട് ഭാഗത്തേക്ക് ബസ് കയറിയതായി സൂചന ലഭിച്ചതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പൊറ്റമ്മലിൽ ഇറങ്ങിയതും മാളിൽ പോയതും കണ്ടെത്തിയത്.ഇന്നലെ രാത്രി മാളിലും പരിസരത്തുമായി കഴിഞ്ഞ് കൂടിയ കുട്ടികളെ ഇന്ന് 12 മണിയോടെയാണ് കണ്ടെത്തിയത്. മുമ്പ് കുടുംബത്തോടൊപ്പം കുട്ടികൾ മാളിൽ വന്നിരുന്നതായി ബന്ധുക്കൾ പറഞ്ഞു.

മഹാ കുംഭമേള: തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കം പ്രചരിപ്പിച്ച 140 ഇൻഫ്ളുവൻസർമാർക്കെതിരെ കേസ്

പ്രയാഗ്‌രാജ്: മഹാകുംഭ മേളയുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കം പ്രചരിപ്പിച്ച 140 സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാർക്കെതിരെ കേസെടുത്ത് ഉത്തർ പ്രദേശ് പൊലീസ്. 13 എഫ്ഐആറുകളാണ് ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തതെന്ന് ഡിഐജി വൈഭവ് കൃഷ്ണ സ്ഥിരീകരിച്ചു. ഫെബ്രുവരി 26ന് നടക്കാനിരിക്കുന്ന മഹാ ശിവരാത്രി ഉത്സവത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും പൊലീസ് നടത്തിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

മഹാകുംഭ മേളയുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കം പ്രചരിപ്പിച്ചതനാണ് 13 ഓളം എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്ന് വൈഭവ് കൃഷ്ണ അറിയിച്ചു. ഇന്ന് കുംഭമേളയിൽ ഒരു കോടിയോളം പേർ പുണ്യ സ്നാനം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു. 'ശിവരാത്രിക്ക് വേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. മേഖലയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ക്രമീകരണങ്ങളും സുഗമമായി നടക്കും. എത്ര വലിയ ജനക്കൂട്ടമാണെങ്കിലും, ഞങ്ങൾ പൂർണ്ണമായും തയ്യാറാണ്'-അദ്ദേഹം പറഞ്ഞു.

മഹാശിവരാത്രി ദിനത്തിൽ ഭക്തർ കുംഭമേളയിലേക്ക് ഒഴുകുമെന്നാണ് കരുതുന്നത്. ഉത്തർപ്രദേശ് സർക്കാരിന്റെ ഇൻഫർമേഷൻ വകുപ്പ് റിപ്പോർട്ട് ചെയ്തതനുസരിച്ച് ഞായറാഴ്ച വരെ ഏകദേശം 8.773 ദശലക്ഷം ആളുകൾ പുണ്യസ്നാനം നടത്തി. 620 ദശലക്ഷം ഭക്തർ പ്രയാഗ്‌രാജിലെ മഹാകുംഭമേളയിൽ പങ്കെടുക്കാൻ എത്തിയെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു.

കാട്ടാനക്കലി: കൊല്ലപ്പെട്ട ദമ്പതികളുടെ പോസ്റ്റ്മോർട്ടം തുടങ്ങി; ആറളത്ത് ഹർത്താൽ

പയ്യന്നൂർ: ആറളം ഫാം 13-ാം ബ്ലോക്കിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ആദിവാസി ദമ്പതികളുടെ പോസ്റ്റ്മോർട്ടം നടപടികൾ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുരോഗമിക്കുന്നു. ആറളം വില്ലേജ് അമ്പലക്കണ്ടി കോളനിയിലെ താമസക്കാരായ വെള്ളി (80), ലീല (70) എന്നിവരാണ് ഇന്നലെ കൊല്ലപ്പെട്ടത്. വന്യജീവി ശല്യത്തിനെതിരെ നാട്ടുകാരുടെ കടുത്ത പ്രതിഷേധത്തിനൊടുവിൽ ഇന്നലെ അർധരാത്രിയോടെയാണ് ഇരുവരുടേയും മൃതദേഹങ്ങൾ ആശുപത്രിയിലേക്ക് മാറ്റിയത്. അതിനിടെ, മനുഷ്യജീവന് സുരക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫും ബി.ജെ.പിയും ആറളം പഞ്ചായത്തിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്.

13-ാം ബ്ലോക്ക് കരിക്കിൻമുക്ക് ആർ.ആർ.ടി ഓഫിസിന് സമീപമാണ് ഇരുവരും കൊല്ലപ്പെട്ടത്. മൃതദേഹങ്ങൾ കാട്ടാന ചവിട്ടിയരച്ചനിലയിലായിരുന്നു. ഉച്ചയോടെയാണ് ഇവരെ കാട്ടാന ആക്രമിച്ചതെന്ന് കരുതുന്നു. മൃതദേഹത്തിന് സമീപത്തെ രക്തം കട്ടപിടിച്ച് ഉണങ്ങിയ നിലയിലായിരുന്നു. ഏറെ വൈകിയിട്ടും വീട്ടിൽ തിരിച്ചെത്താത്തതിനെ തുടർന്ന് ഞായറാഴ്ച വൈകീട്ട് ആറുമണിയോടെ ബന്ധുക്കൾ തേടിയിറങ്ങിയപ്പോഴാണ് ദമ്പതികളുടെ ജീവൻ പൊലിഞ്ഞ വിവരം പുറംലോകമറിഞ്ഞത്.

കശുവണ്ടി ശേഖരിച്ച് വിറകുകെട്ടുമായി ഇരുവരും വീട്ടിലേക്ക് വരുന്ന വഴിയിൽ പ്രദേശത്തെ ആളൊഴിഞ്ഞ വീടിന്റെ പിറകുവശത്ത് നിന്നിരുന്ന കാട്ടാന ഇവരെ ആക്രമിക്കുകയായിരുന്നു. ആറളം ഫാമിൽ ഏതാനും വർഷങ്ങൾക്കിടെ കാട്ടാന ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 14 ആയി.

സംഭവസ്ഥലത്ത് വനംവകുപ്പ് ഉദ്യോഗസ്ഥർ എത്തിയെങ്കിലും മൃതദേഹം മാറ്റാൻ നാട്ടുകാർ സമ്മതിച്ചിരുന്നില്ല. സണ്ണി ജോസഫ് എം.എൽ.എ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ, കേളകം പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജേഷ്, ബ്ലോക്ക് അംഗം വി. ശോഭ, വാർഡ് മെംബർ മിനി എന്നിവർ സ്ഥലത്തെത്തി. പ്രതിഷേധം തണുപ്പിക്കാനും മൃതദേഹം മാറ്റാനും ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. ആറളം എസ്.എച്ച്.ഒ ആൻഡ്രിക് ഗ്രോമികിന്റെ നേതൃത്വത്തിൽ പൊലീസ് എത്തി അനുനയനീക്കം നടത്തുകയും സണ്ണി ജോസഫ് എം.എൽ.എ വനംമന്ത്രിയുമായി സംസാരിച്ച് ആവശ്യമായ മുൻകരുതൽ എടുക്കാമെന്ന് നാട്ടുകാർക്ക് ഉറപ്പുനൽകുകയും ചെയ്തു. ഒടുവിൽ രാത്രി 11.30 ഓടെയാണ് മൃതദേഹങ്ങൾ ആശുപത്രിയിലേക്ക് മാറ്റിയത്.

മന്ത്രിയുടെ പ്രതികരണം

കോഴിക്കോട്: കാട്ടാന ആക്രമണത്തിൽ ദമ്പതികൾ കൊല്ലപ്പെട്ടത് അസാധാരണവും ദൗർഭാഗ്യകരവുമായ സംഭവമാണെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായ പ്രതികരണങ്ങൾ സ്വാഭാവികമാണ്. വിഷയം ചർച്ച ചെയ്യാൻ ഇന്ന് സർവകക്ഷി യോഗം വിളിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. അടിക്കാട് വെട്ടൽ, ആനമതിൽക്കെട്ട് തുടങ്ങിയ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവ ഉടൻ പൂർത്തീകരിച്ച് വന്യജീവികളെ നിയന്ത്രിക്കാനുള്ള സാഹചര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

എംഎൽഎയുടെ മകന് എതിരായ കഞ്ചാവ് കേസ്; കേസെടുത്ത ഉദ്യോഗസ്ഥരെ തിരുവനന്തപുരത്തേക്ക് വിളിപ്പിച്ചു

ആലപ്പുഴ: യു പ്രതിഭ എംഎൽഎയുടെ മകനെതിരെ കഞ്ചാവ് കേസെടുത്ത രണ്ട് ഉദ്യോഗസ്ഥരോട് തിരുവനന്തപുരം എക്സൈസ് കമ്മീഷണർ ഓഫീസിൽ ഹാജരാകാൻ നിർദേശം. കുട്ടനാട് എക്സൈസ് സിഐ ജയരാജ്, റേഞ്ച് ഇൻസ്പെക്ടർ അനിൽ കുമാർ എന്നിവരോടാണ് ഹാജരാകാൻ അറിയിച്ചിരിക്കുന്നത്. മകനെതിരെ കേസെടുത്ത ഉദ്യോഗസ്ഥർക്കെതിരെ പ്രതിഭ എംഎൽഎ നൽകിയ പരാതിയിലാണ് നടപടി.

കഴിഞ്ഞ ഡിസംബർ 28നാണ് പ്രതിഭയുടെ മകനും സുഹൃത്തുക്കൾക്കുമെതിരെ കുട്ടനാട് എക്സൈസ് കഞ്ചാവ് കേസെടുക്കുകയും അവരെ ജാമ്യത്തിൽ വിടുകയും ചെയ്തത്. ഇത് കള്ളക്കേസാണെന്ന് ആരോപിച്ചാണ് എംഎൽഎ പരാതി നൽകിയത്.

കഴിഞ്ഞദിവസം എംഎൽഎയുടെ മകനെ പിടികൂടിയ സംഘത്തിലെ മുഴുവൻ പേരുടെയും മൊഴി രേഖപ്പെടുത്തിയിരുന്നു.

എംഎൽഎയുടെ മകൻ ഉൾപ്പടെ ഒമ്പത് പേരെയാണ് അന്ന് അറസ്റ്റ് ചെയ്തത്. ഇതിൽ ഒമ്പതാം പ്രതിയായിരുന്നു എംഎൽഎയുടെ മകൻ. തകഴി പാലത്തിൽ നിന്നാണ് ഇവരെ പിടികൂടിയത്.

COURT NOTICE

BEFORE THE HONOURABLE III[rd] ADDITIONAL DISTRICT COURT THRISSUR

GOP : 35/2025

1) Sumathi, aged 67 years, W/o. Rajan, Kandarassery House, Chiramanegad Village, Chiramanegad Desom, Kunnamkulam Taluk, Thrissur District
2) Raji, aged 42 years, W/o. Gireesh, Kandiruthy House, P.O. Arambully, Anjur, Mundur Village, Thrissur Taluk, Thrissur District
3) Ramya, aged 38 years, W/o. Shyjan, Vadakkumchery House, P.O. Choondal Village, Kunnamkulam Taluk, Thrissur District
4) Sheeba, aged 36 years, D/o. Vijayan, Nambrath House, Puthuruthy P.O., Puthuruthy Village, Thalappilly Taluk, Thrissur District
5) Manikandan, aged 31 years, S/o. Rajan, Kandarassery House, Chiramanegad Village, Chiramanegad Desom, Kunnamkulam Taluk, Thrissur District
6) Reshma, aged 32 years, W/o. Pratheesh, Poliyath House, P.O. Pengamuck, Kattakambal Village, Kunnamkulam Taluk, Thrissur District
7) Dinesh, aged 43 years, S/o. Balakrishnan, Poothotte House, Chiramanegad P.O., Chiramanegad Village, Kunnamkulam Taluk, Thrissur-680604
8) Aneesh, aged 42 years, S/o. Ravindran, Muthiraparambath House, Perumthuruthi P.O., Pazhanji, Pazhanji Village, Kunnamkulam Taluk, Thrissur-680542

-Petitioners

1) Minor Diljith P.D., 16 years, representd by Father Dineesh, aged 43 years, S/o. Balakrishnan, Poothotte House, Chiramanegad P.O., Chiramanegad Village, Kunnamkulam Taluk, Thrissur-680604
2) Minor Adhil Krishna M.A., aged 15 years, represented by Father Aneesh, S/o. Ravindran, Muthiraparambath House, Perumthuruthi P.O., Pazhanji, Pazhanji Village, Kunnamkulam Taluk, Thrissur-680542

- Minors

Respondents -Nil

മേൽ നമ്പറിൽ മൈനർ ദിൽജിത്ത് പി. ഡി എന്ന കുട്ടിയുടെ ദേഹത്തിനും സ്വത്തിനും 7-ാം ഹരജിക്കാരനെ രക്ഷിതാവായി നിയമിച്ചും മൈനർ ആദിൽ കൃഷ്ണ എം എ എന്ന കുട്ടിയുടെ ദേഹത്തിനും സ്വത്തിനും 8-ാം ഹരജിക്കാരനെ രക്ഷിതാവായി നിയമിച്ചും കുന്നംകുളം താലൂക്ക് ചിറമനെങ്ങാട് വില്ലേജ് സർവ്വെ 924/1 ഭാഗത്തിൽ പെട്ട 2 ആർ 02 ച. മീറ്റർ വഹകളുടെ കാര്യത്തിൽ മൈനർ കുട്ടികളുടെ അവകാശം തീറ് വിൽക്കുവാൻ 7, 8 ഹരജിക്കാർക്ക് അനുവാദം നൽകുന്നതിനുമായി ബോധിപ്പിച്ച മേൽ നമ്പർ ഹരജി 12-03-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അന്നേ ദിവസം ബഹു. കോടതി മുമ്പാകെ ഹാജരായി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-2-2025

ഹരജിഭാഗം അഡ്വക്കെറ്റ്

പ്രതീഷ് പി വർഗ്ഗീസ് (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മലേഷ്യയെ തോൽപ്പിച്ച് സ്പാർക്ക് പറപ്പൂർ ജേതാക്കാൾ

തൃശൂർ. അക്ബർ ട്രാവൽസ് ട്രോഫിക്കും, ഹംസക്കോയ മെമ്മോറിയൽ ട്രോഫിക്കും വേണ്ടി തൃശൂർ കോർപ്പറേഷൻ ഫ്ലഡ് ലൈറ്റ് സ്റ്റേഡിയത്തിൽ അഞ്ചു ദിവസമായി നടന്നു വന്ന 12–ാമത് രാജ്യാന്തര വെറ്ററൻസ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ മത്സരത്തിൽ മലേഷ്യ എഫ്.സിയെ (21) ഗോളുകൾക്ക് പരാജയപ്പെടുത്തി സ്പാർക്ക് പറപ്പൂർ ട്രോഫി സ്വന്തമാക്കി.

വിജയിച്ച ടീമിന് ട്രോഫിയും 50000 കാഷ് അവാർഡും സംവിധായകൻ എം.എം.എ റസാക്ക് സമ്മാനിച്ചു. രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ടീമിന് കെ.എം.എ. ഭാരവാഹി വി.കെ. സലാം ട്രോഫിയും 30000 രൂപ കാഷ് അവാർഡും സമ്മാനിച്ചു.

നേരത്തെ റസാക്കും, പ്രവാസി സൊസൈറ്റി ഡയറക്ടർ ബീന സലാമും കളിക്കാരെ പരിചയപ്പെട്ടു. 60 കഴിഞ്ഞവരുടെ സൗഹൃദ പ്രദർശന മത്സരത്തിൽ കൊക്കാലെ കെ.എം. എ. യും ഗുജറാത്ത് ജി.വി.എഎഫ്.എയും (11) സമനില കൈവരിച്ചു.

നവീകരിച്ച കേരളപ്പിറവി സുവർണ്ണ ജൂബിലി ഇഎംഎസ് ഹാളിന്റെ ഉദ്ഘാടനം നിർവഹിച്ചു

മുരിയാട്: ഗ്രാമപഞ്ചായത്തിന്റെ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി നവീകരിച്ച കേരളപ്പിറവി സുവർണ്ണ ജൂബിലി ഇഎംഎസ് ഹാളിന്റെ ഉദ്ഘാടനവും 10 കർമ്മപരിപാടികളുടെ സമർപ്പണവും ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു.

കൗൺസലിംഗ് സെന്റർ, ശുചിത്വ കലണ്ടർ പ്രകാശനം, ഹരിത സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കേഷൻ, ഉയരെ കേരള സിവിൽ സർവീസ് അക്കാദമി, അസാപ് കോഴ്സുകളുടെ പ്രഖ്യാപനം, ബഡ്സ് സ്കൂളിന് സ്ഥലം ഏറ്റെടുക്കൽ, കാർഷിക ഉപകേന്ദ്രത്തിന് സ്ഥലം ഏറ്റെടുക്കൽ, ശുദ്ധജലവിതരണ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കൽ, കൗൺസലിംഗ് സെന്റർ, ചാറ്റ് ബോട്ട് ഡോക്യുമെന്ററി പ്രകാശനം തുടങ്ങി പത്തോളം കർമ്മ പരിപാടികളാണ് പ്രഖ്യാപിച്ചത്.

മുരിയാട് ഇഎംഎസ് ഹാളിൽ നടന്ന ചടങ്ങിൽ മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിതാബാലൻ എന്നിവർ മുഖ്യാതിഥികളായി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രതി ഗോപി, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി കെ പി ജസീന്ത, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

മൽസ്യവ്യാപാരമേഖലയിലെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടും: മന്ത്രി കെ.രാജൻ

തൃശൂർ: കേരളത്തിന്റെ മൽസ്യവ്യാപാര മേഖലയിലെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടലുണ്ടാവുമെന്ന് മന്ത്രി കെ.രാജൻ. തൃശൂരിൽ ആൾ കേരള ഫിഷ് മർച്ചന്റ് അസോസിയേഷൻ (എ.കെ.എഫ്. എം.സി.എ) സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മാർച്ച് മാസത്തിൽ ഫിഷ്മർച്ചന്റ് അസോസിയേഷൻ പ്രതിനിധികളും ഉന്നതോദ്യോഗസ്ഥരും തമ്മിലുള്ള ചർച്ചക്ക് സർക്കാർ സൗകര്യമൊരുക്കും.

അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങൾ ഗൗരവകരമാണെന്നും പരിഹരിക്കാൻ ആവശ്യമായ സമീപനമുണ്ടാവുമെന്നും മന്ത്രി അറിയിച്ചു. ശാസ്ത്രീയ മൽസ്യപരിശോധനക്ക് ലാബുകളുടെ എണ്ണം വർധിപ്പിച്ച് സൗകര്യങ്ങളൊരുക്കും. കേരളത്തിന്റെ തീരമേഖലക്കും മൽസ്യസമ്പത്തിനും നാശമുണ്ടാക്കുന്ന ആഴക്കടൽ ഖനനത്തിനെ സംസ്ഥാനം അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സി.എം ഷാഫി അധ്യക്ഷത വഹിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗീസ് മുഖ്യാതിഥിയായിരുന്നു. എം.എൽ.എമാരായ ടി.ജെ.സനീഷ്കുമാർ ജോസഫ്, എൻ.കെ.അക്ബർ, ബി. ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് എ.എൻ.രാധാകൃഷ്ണൻ, തൃശൂർ ജില്ല പഞ്ചായത്തംഗം അഡ്വ. വി.എം മുഹമ്മദ് ഗസാലി, കൺവീനർ എൻ എ ജലീൽ എന്നിവർ സംസാരിച്ചു. വയനാട് പ്രളയ ദുരിതാശ്വാസ പുനരധിവാസത്തിലേക്കായി അസോസിയേഷന്റെ ആദ്യ ഗഡു ഫണ്ട് മന്ത്രി കെ.രാജന് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി വി.വി അനിൽ കൈമാറി. സെക്രട്ടറി അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടും കണക്കും ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

സംസ്ഥാന ട്രഷറർ എ.ആർ സുധീർഖാൻ സമരപ്രഖ്യാപന അവകാശ പ്രമേയം അവതരിപ്പിച്ചു. മൽസ്യവ്യാപാരമേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക, മത്സ്യ വാഹനങ്ങളിൽ സ്റ്റോർ ചെയ്യപ്പെടുന്ന മലിനജലം ഒഴിവാക്കുവാൻ ഹാർബറുകളിലും മാർക്കറ്റുകളിലും വേസ്റ്റ് വാട്ടർ (സോപ്കിറ്റ്) ടാങ്കുകൾ സ്ഥാപിക്കുക, ബാങ്കുകളിൽ നിന്നും വായ്പകൾ സബ്സിഡി ആയി ലഭ്യമാക്കാൻ സർക്കാർ ഇടപെടുക, കയറ്റുമതി ലൈസൻസ് സുതാര്യമാക്കുക, അയൽസംസ്ഥാനങ്ങളിലേക്കുള്ള മൽസ്യം കൊണ്ടുപോകുന്നതിൽ അവിടങ്ങളിലെ പൊലീസ് സംവിധാനങ്ങളടക്കം കൈക്കൂലിക്കായി പിടിച്ചുവെക്കുന്നതിൽ സംസ്ഥാന വിഷയമായി പരിഗണിച്ച് സർക്കാർ ഇടപെടുക, മത്സ്യ പരിശോധനക്ക് ആധുനിക സൗകര്യങ്ങളുള്ള ലാബുകളും, പരിശോധന ഉപകരണങ്ങളും സജ്ജീകരിക്കണം. ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളിൽ, സർക്കാർ അനുബന്ധ മത്സ്യ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ബോർഡുകൾ, നഗരസ കോർപ്പറേഷൻ പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിലെ മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റികളിൽ സംഘടനയുടെ പ്രതിനിധികളെ ഉൾപ്പെടുത്തുക എന്നിങ്ങനെ പ്രമേയങ്ങൾ സമ്മേളനം ഉന്നയിച്ചു. മൽസ്യ വ്യാപാര തൊഴിൽമേഖലയോടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിഷേധാത്മക സമീപനത്തിൽ പ്രതിഷേധിച്ച് സംസ്ഥാനതലത്തിൽ മേഖലാ ജാഥകളും ഏപ്രിലിൽ സെക്രട്ടേറിയറ്റിലേക്ക് മാർച്ചും നടത്തുമെന്ന് സമ്മേളനം പ്രഖ്യാപിച്ചു.

ആഴക്കടൽ മണൽഖനനത്തിൽ പ്രതിഷേധിച്ച് 27ന് മൽസ്യതൊഴിലാളി കോർഡിനേഷൻ കമ്മിറ്റിയുടെ തീരദേശ ഹർത്താലിന് അസോസിയേഷൻ ഐക്യദാർഢ്യം രേഖപ്പെടുത്തി. പണിമുടക്കിൽ പങ്കെടുക്കുമെന്നും പ്രഖ്യാപിച്ചു. സംഘാടക സമിതി ചെയർമാൻ പി.എ ഹസൻ സ്വാഗതവും സംസ്ഥാന ജോ.സെക്രട്ടറി പി.എച്ച്.റഹീം നന്ദിയും രേഖപ്പെടുത്തി.

പ്രകാശ് കാരാട്ട് ആർ എസ്സ് എസ്സ് ഏജന്റ്: സി പി ജോൺ

തൃശൂർ : ആർ എസ്സ് സ്സ് ഇപ്പോൾ ഫാസിസ്റ്റ് ശക്തിയല്ലായെന്ന സിപിഎം ന്റെ നയമാറ്റം, പ്രകാശ് കാരാട്ടിന്റെ ആർ എസ്സ് എസ്സ് വിധേയത്വ മാണ് കാണിക്കുന്നതെന്നതെന്നും സീതാറാം യെച്ചൂരിയുടെ അന്ത്യം, സി പി എം ന്റെ അന്ത്യത്തിന്റെ ആരംഭമാണ് എന്നും സിഎംപി ജനറൽ സെക്രട്ടറി സി പി ജോൺ. തൃശൂർ സ്പോർട്സ് കൗൺസിൽ ഹാളിൽ, സിഎംപി ജില്ലാ കൗൺസിൽ സംഘടിപ്പിച്ച തൊഴിലാളി സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.കൈവിലങ്ങും ചങ്ങലയും ഇട്ടു കൊണ്ട് നമ്മുടെ പൗരൻമാരെ അമേരിക്കയുടെ ചരക്കു വിമാനത്തിൽ കൊണ്ടിറക്കിയ നടപടിയെ, പ്രതിഷേധിക്കാൻ പോലും നട്ടെല്ലില്ലാല്ലാത്ത പ്രധാന മന്ത്രിയാണ് മോദിയെന്ന് സി പി ജോൺ തുടർന്ന് പറഞ്ഞു.സിഎംപി ജില്ലാ സെക്രട്ടറി ജെയ്സിങ് കൃഷ്ണൻ അദ്യക്ഷത വഹിച്ചു. സി എംപി സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗം പി ആർ എൻ നമ്പീശൻ, സംസ്ഥാന അസി. സെക്രട്ടറി വികാസ് ചക്രപാണി, മഹിളാ ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് മിനി രമേഷ്, തുടങ്ങിയവർ അഭിവാദ്യം ചെയ്തു സംസാരിച്ചു. സുരേഷ് തയ്യൂർ സ്വാഗതവും, സുദേഷ്കുമാർ നന്ദിയും പറഞ്ഞു.

നാഷണൽ എൽ.പി. സ്കൂൾ വാർഷികം

ഇരിങ്ങാലക്കുട : നാഷണൽ എൽ.പി. സ്കൂൾ വാർഷികാഘോഷം മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് ഉദ്ഘാടനം ചെയ്തു . വാർഡ് കൗൺസിലർ സുജ സഞ്ജീവ് കുമാർ അധ്യക്ഷത വഹിച്ചു.

ഡോ. വിനീത ജയകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. സ്കൂൾ മാനേജർ രുഗ്മിണി രാമചന്ദ്രൻ സമ്മാനദാനം നിർവ്വഹിച്ചു. പ്രധാന അധ്യാപിക കെ. ആർ. ലേഖ, വി.പി. ആർ. മേനോൻ, ഇ .അപ്പു മേനോൻ, സുമേഷ് കെ. നായർ, സുബിത 'എം., ശ്രുതി വി. ആർ., സപ്ന ഡേവീസ് , കെ. ഹരിനാഥ്, കെ. ജി. അജയ് കുമാർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും നടന്നു.

കേന്ദ്ര–സംസ്ഥാന സർക്കാരുകളെ വിമർശിച്ച് ഫിഷ്മർച്ചന്റ് അസോസിയേഷൻ സമ്മേളനം

തൃശൂർ: കേന്ദ്ര–സംസ്ഥാന സർക്കാരുകളെ അതിരൂക്ഷമായി വിമർശിച്ച് ആൾ കേരള ഫിഷ് മർച്ചന്റ് അസോസിയേഷൻ. തൃശൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച അവകാശപ്രഖ്യാപന പ്രമേയത്തിലാണ് സർക്കാരുകളെ വിമർശിക്കുന്നത്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ മൽസ്യ ബന്ധന–വ്യാപാര–വിപണന അനുബന്ധ മേഖലകളിലെ അരലക്ഷത്തോളം തൊഴിലാളി കുടുംബങ്ങളോട് ദ്രോഹകരമായി പെരുമാറുന്നുവെന്ന് പ്രമേയം കുറ്റപ്പെടുത്തുന്നു. നിരന്തരമായി നിവേദനങ്ങൾ നൽകിയിട്ടും സർക്കാർ മുഖം തിരിച്ചിരിക്കുന്നുവെന്നും ഫിഷറീസ് വകുപ്പ് മന്ത്രിക്കും വകുപ്പിനും ദാർഷ്ട്യമാണെന്നും പ്രമേയം വിമർശിക്കുന്നു. അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം എ.ആർ സുധീർഖാൻ ആണ് സമരപ്രഖ്യാപന അവകാശ പ്രമേയം അവതരിപ്പിച്ചത്. തൊഴിൽ മേഖല കടുത്ത പ്രതിസന്ധി നേരിടുന്നുവെന്നും സർക്കാർ ഇടപെടൽ അനിവാര്യമാണെന്നുമിരിക്കെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷേധാത്മക നിലപാട് തുടരുന്നത് പ്രതിഷേധാർഹമാണെന്ന് പ്രമേയം കുറ്റപ്പെടുത്തുന്നു.

സർക്കാരുകളുടെ അവഗണനക്കെതിരെ മാർച്ച് മാസത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലാ ജാഥകളും തുടർച്ചയായി ഏപ്രിലിൽ സെക്രട്ടേറിയറ്റ് മാർച്ചും സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

നിര്യാതരായി

അനീഷ



കഴിമ്പ്രം: വാലിപ്പറമ്പിൽ മോഹൻദാസിന്റെ മകൾ അനീഷ (29) അന്തരിച്ചു. അമ്മ: വനജ. ഭർത്താവ്: മണക്കാട്ട് ഗോകുൽ.

അബ്ദുൽ ജബ്ബാർ

കൊടുങ്ങല്ലൂർ: സാഹിബിന്റെ പള്ളിയുടെ തെക്കുവശത്ത് താമസിക്കുന്ന വലിയകത്ത് പരേതനായ കുഞ്ഞുമുഹമ്മദ് മകനും സാഹിബിന്റെ പള്ളി മഹല്ല് കമ്മിറ്റി മുൻ വൈസ് പ്രസിഡണ്ടുമായ അബ്ദുൽ ജബ്ബാർ (പച്ചക്കറി വ്യാപാരി) നിര്യാതനായി.

കബറടക്കം വൈകിട്ട് 6 മണിക്ക് സാഹിബിന്റെ പള്ളി കബർസ്ഥാനിൽ നടത്തപ്പെട്ടു.

എ യു പി എസ് തുമ്പൂർ സംസ്ഥാനത്തെ ആദ്യ സമ്പൂർണ ജലസാക്ഷരത വിദ്യാലയമായി

ഇരിങ്ങാലക്കുട: ഭാവി തലമുറയെ നീന്തൽ പരിശീലനത്തിലൂടെ സ്വയരക്ഷയ്ക്കും സമൂഹത്തിന്റെ രക്ഷക്കും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വർഷങ്ങളായി എ യു പി എസ് തുമ്പൂർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമ്പൂർണ ജലസാക്ഷരത പദ്ധതി.

ഈ അദ്ധ്യയന വർഷത്തെ നീന്തൽ പരിശീലനത്തിന്റെ സമാപനവേളയിൽ സമ്പൂർണ ജലസാക്ഷരത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും എന്ന പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി പ്രൊഫ. ആർ ബിന്ദു നിർവ്വഹിച്ചു. പ്രധാനദ്ധ്യാപിക റീന ടീച്ചർ സ്വാഗതം ആശംസിച്ച യോഗത്തിൽ ആളൂർ പഞ്ചായത്ത് പ്രസിഡന്റ് ജോജോ കെ ആർ അധ്യക്ഷത വഹിച്ചു. വെള്ളാങ്ങല്ലൂർ ബി പി സി ഗോഡ് വിൻ റോഡ്രിഗസ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും സമ്മാനവും വിതരണം ചെയ്തു. പുത്തൻചിറ പഞ്ചായത്ത് പ്രസിഡന്റ് റോമി ബേബി, ജില്ല പഞ്ചായത്ത് മെമ്പർ ഡേവിസ് മാസ്റ്റർ, Rtd.SP. ജയരാജ്, മാസ്റ്റേഴ്സ് സ്വിമ്മർ അരവിന്ദൻ പി എൻ,വാർഡ് മെമ്പർ മിനി പോളി,എന്നിവർ ആശംസകൾ നേർന്നു. പി ടി എ പ്രസിഡന്റ് അസ്നത്ത് മഹേഷ് നന്ദി രേഖപ്പെടുത്തി. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നടത്തിവരുന്ന മഷിക്കുളത്തിൽ എം എസ് ഹരിലാൽ മൂത്തേടത്ത് ആണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

ട്രാഫിക് നിയമലംഘനം: പോലീസുകാർ ഉടൻ പിഴ അടയ്ക്കണമെന്ന് ഡിജിപിയുടെ അന്ത്യശാസനം

തൃശൂർ : ട്രാഫിക് നിയമലംഘനം നടത്തിയ പൊലീസുകാരെല്ലാം വൈകാതെ പിഴ അടയ്ക്കണമെന്ന് കർശന നിർദ്ദേശവുമായി ഡിജിപി. എന്നാൽ വിഐപികൾക്കുള്ള അകമ്പടി, കേസ് അന്വേഷണം, അടിയന്തരസാഹചര്യം എന്നിവയ്ക്കുള്ള യാത്രകളിൽ അമിത വേഗത്തിൽ പോയാലും റെഡ് സിഗ്നൽ മറികടന്നാലും പിഴ ഈടാക്കില്ല.

പിഴയൊടുക്കാൻ പൊലീസുകാർ തയ്യാറാകുന്നില്ലെന്ന വാർത്തയ്ക്ക് പിന്നാലെയാണ് ഡിജിപിയുടെ നിർദ്ദേശം.

പത്തേമാരി പ്രവാസി സംഗമവും സമാദരണവും നടത്തി

തൃപ്രയാർ: പത്തേമാരിയിലും കപ്പലിലും പോയവരാണ് ഈ നാടിന്റെ വികസനത്തിനും പ്രവാസ ജീവിതത്തിന് വഴി കാട്ടി തന്നവരെന്ന് കേരള സർക്കാർ നോർക്ക എറണാകുളം റീജിയണൽ അസിസ്റ്റന്റ് രശ്മികാന്ത് പറഞ്ഞു.പത്തേമാരി പ്രവാസി സംഗമവും സമാദരണ സദസ്സും തൃപ്രയാറിൽ ഉത്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു.

പത്തേമാരി പ്രവാസി സമിതി പ്രസിഡണ്ട് അബ്ദു (തടാകം) അദ്ധ്യക്ഷത വഹിച്ചു. പത്തേമാരി രക്ഷാധികാരി കരീം പന്നിത്തടം മുഖ്യപ്രഭാഷണം നടത്തി.ജനറൽ സെക്രട്ടറി ഷെരീഫ് ഇബ്രാഹിം,ലോക കേരള സഭ മെമ്പർ പി.കെ.കബീർ സലാല, ക്രൈം ബ്രാഞ്ച് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് എം. സുരേന്ദ്രൻ,തൃപ്രയാർ പ്രസ്സ്ക്ലബ്ബ് പ്രസിഡന്റ് പ്രേമചന്ദ്രൻ വടക്കേടത്ത്,നൗഷാദ് തെക്കുംപുറം,സകരിയ (ചൈന)പി.എ.കബീർ, കുഞ്ഞിമൊയ്തു തുടങ്ങിയവർ സംസാരിച്ചു.

പത്തേമാരിയിലും കപ്പലിലും പോയവരെ ചടങ്ങിൽ ആദരിച്ചു. ഷെരീഫ് ഇബ്രാഹിം എഴുതിയ പത്തേമാരി ഇംഗ്ലീഷ് പരിഭാഷ പുസ്തകം ചടങ്ങിൽ ശ്രീമതി രശ്മികാന്ത് പ്രകാശനം ചെയ്തു. ബി.ബി.എൽ. എൽ. ബിയ്ക്ക് ഒന്നാം റാങ്ക് ലഭിച്ച ശ്രദ്ധ സുരേന്ദ്രനെ ആദരിച്ചു.

ജപ്തി നിർത്തി വയ്ക്കണമെങ്കിൽ വായ്പാതുക തിരിച്ചടവ് സർക്കാർ ഏറ്റെടുക്കണം: യൂജിൻ മൊറേലി

ചാവക്കാട്:സഹകരണ ബാങ്കുകളിൽ വായ്പ എടുത്തു തുക തിരിച്ചടയ്ക്കാത്ത പക്ഷം ഈടായി വച്ച് ഭൂമിയും സ്വത്ത് ഇടപാടുകളും ജപ്തി ചെയ്യാൻ പാടില്ല എന്ന സർക്കാരിന്റെ നിർദ്ദേശം പ്രായോഗികമല്ലെന്നുംനിക്ഷേപകർക്ക് പണം എങ്ങനെ തിരിച്ചു നൽകണമെന്നും സർക്കാർ ചിന്തിക്കണം.

ജപ്തി ചെയ്യാൻ പാടില്ലയെന്ന് പറയുമ്പോൾ തന്നെ ഈ തുക സർക്കാർ നൽകാൻ തയ്യാറാവുകയാണെങ്കിൽ അത് സ്വാഗതാർഗമാണെന്നും അല്ലാത്തപക്ഷം വായ്പ എടുത്ത തുക തിരിച്ചടിച്ചില്ലെങ്കിൽ ഇടപാടുകാരും സഹകരണ ബാങ്കും തമ്മിലുള്ള ബന്ധം വഷളാകാൻ സാഹചര്യമൊരുക്കുമെന്നും കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് സെൻറർ സംസ്ഥാന നേതൃത്വ ശില്പശാല ശാലയുടെ സമാപനസമ്മേളനവും സംസ്ഥാനതല മെമ്പർഷിപ്പ് വിതരണം ഉദ്ഘാടനംഉദ്ഘാടനം ചെയ്തുകൊണ്ട് യൂജിൻ മോറലി അഭിപ്രായപ്പെട്ടു.

കേന്ദ്രസർക്കാരിന്റെ സഹകരണ മേഖലയോടുള്ള അവഗണനയിൽ പ്രതിഷേധിച്ച്സംഘടന മെയ് 2 ന് ഡൽഹിയിൽ കേന്ദ്ര സർക്കാരിനെതിരെ സമരം നടത്തുവാനും ശില്പശാല തീരുമാനിച്ചു .

കോപ്പറേറ്റീവ് എപ്ലോയിസ് സംസ്ഥാന പ്രസിഡന്റ് സി. സുജിത് അധ്യക്ഷത വഹിച്ച യോഗത്തിൽആർ ജെ ഡി തൃശൂർ ജില്ലാ പ്രസിഡണ്ട് ജെയ്സൻ മാണി മുഖ്യ പ്രഭാഷണം നടത്തി.

സംഘടന ഭാരവാഹികളായ സി.പി രാജൻ, മധു മേപ്പൂകട,റിനിൽ കെ.പി, ഷോബിൻ തോമസ്,നാസർ കരുണിയിൽ, പ്രജീഷ് പാലക്കൽ, റോബർട്ട് ഫ്രാൻസീസ്, കെ സി വർഗ്ഗീസ്, എം. ജി ജയരാജ്, അശ്വിൻ എം. വി, പി.ഐ. സൈമൺ എന്നിവർ പ്രസംഗിച്ചു. സിനിമാ താരം നന്ദകിഷോർ കലാപരിപാടികൾക്ക് നേതൃത്വം നല്കി.

കോടതി പരസ്യം

ബഹു. തൃശൂർ അഡീഷ്ണൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ

EP No: 257/2024
OP(MV): 3002/2017

The New India Assurance Co. Ltd
-ഹരജിക്കാർ

1) Akber Sha, S/o. Sulaiman, Arakkaveettil House, P.O. Thrithalloor Anavalavu, Engandiyur Village, Chavakkad Taluk, Thrissur-680619
2) Muhammed Nishad, S/o. Jamal, Arakkaveed House, Thalikulam, Chavakkad, Thrissur-680569
- എതൃകക്ഷികൾ

മേൽ നമ്പറിൽ ബോധിപ്പിച്ച ഹരജിയിൽ എതൃകക്ഷികൾക്കെതിരെ നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് 11-04-2025 തിയ്യതിക്ക്വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെകേസ് തീർപ്പ് കല്പിക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 12-02-2025
ഹരജിഭാഗം അഡ്വക്കെറ്റ്
എം ഉഷാകുമാരി (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 2017/2012
Minor Angelo J. Chirayath
-ഹരജിക്കാരൻ

1) ശശിധരൻ S/o. ഭാസ്കരൻ, അയ്യപ്പത്ത് വീട്, പി ഒ കോടന്നൂർ, അമ്മാടം, തൃശൂർ ജില്ല
2) മാധവൻ S/o. ദാമോദരൻനായർ, മന്നത്ത് വീട്, പൂത്തറയ്ക്കൽ പി ഒ., ചൊവ്വൂർ, തൃശൂർ
-1, 2 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ അനുവദിച്ച് കേസ് 19-09-2025 തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി രാവിലെ 11 മണിക്ക് 1, 2 എതൃകക്ഷികളോ ടിയാർ അധികാരപ്പെടുത്തുന്ന വക്കീലോ ബഹു. കോടതി മുമ്പാകെ ഹാജരായി മേൽ സംഗതിക്ക് ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം മേൽ നമ്പർ കേസ് 1, 2 എതൃകക്ഷികളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24-02-2025
ഹരജിഭാഗം അഡ്വക്കെറ്റ്
എ കെ സുരേഷ്കുമാർ (ഒപ്പ്)

താണിശ്ശേരി തൃത്താണി ശിവക്ഷേത്രത്തിൽ മഹാശിവരാത്രി മഹോത്സവം

ഇരിങ്ങാലക്കുട : താണിശ്ശേരി തൃത്താണി ശിവക്ഷേത്രത്തിലെ മഹാശിവരാത്രി മഹോത്സവം ഈ മാസം 26ന് നടക്കും.

ധാര, ഗണപതി ഹോമം, മേള പ്രമാണി പെരുവനം അനിൽകുമാറിന്റെ പഞ്ചാരിമേളം, അന്നദാനം, രാജീവ് വാരിയർ കലാമണ്ഡലം സുരേഷ് എന്നിവരുടെ നേതൃത്വത്തിൽ ഇരട്ട തായമ്പക കാള കളിയോടുകൂടി താലംവരവ്, വർണ്ണ മഴ, നാടൻ പാട്ട് എന്നീ പരിപാടികളും ഉണ്ടായിരിക്കും.

ദേശാഭിമാനി സാഹിത്യ പുരസ്കാര ജേതാവ് ഡോ.സി.രാവുണ്ണിക്ക് ഇരിങ്ങാലക്കുടയിൽ സ്വീകരണം നൽകി

ഇരിങ്ങാലക്കുട: പുരോഗമന കലാസാഹിത്യ സംഘം ടൗൺ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദേശാഭിമാനി സാഹിത്യ പുരസ്ക്കാരം ലഭിച്ച മലയാളത്തിന്റെ പ്രിയ കവി ഡോ.സി.രാവുണ്ണിക്ക് ആദരം നൽകി. കെ.ജി.സുബ്രമണ്യൻ അദ്ധ്യക്ഷത വഹിച്ച ആദര സമ്മേളനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു ഉദ്ഘാടനം നിർവ്വഹിച്ചു.

കേരളത്തിലെ പ്രശസ്ത എഴുത്തുകാരനും പ്രഭാഷകനുമായ കെ.ഇ.എൻ കുഞ്ഞഹമ്മദ് 'കവിതയും ജീവിതവും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തുകയുണ്ടായി.

യൂണിറ്റ് പരിധിയിലെ സംസ്ഥാന സ്കൂൾ കലോത്സവ ജേതാക്കൾക്കുള്ള ആദരവും അവരുടെ കലാ അവതരണവും നടന്നു. വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിൽ മുഖ്യാതിഥിയും, ഖാദർ പട്ടേപ്പാടം, ഷെറിൻ അഹമ്മദ്, മുരളി നടക്കൽ, മുഹമ്മദ് അഷ്റഫ് എന്നിവർ സംസാരിച്ചു.

ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങിന് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു

ഇരിങ്ങാലക്കുട: 60 വർഷമായി ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങിൽ ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ നിയോജകമണ്ഡലം സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വിനോയോഗിച്ച് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വി എസ് പ്രിൻസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ലത ചന്ദ്രൻ, ജില്ലാ പഞ്ചായത് വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ അബ്ദുറഹിമാൻ വീട്ടിപ്പറമ്പിൽ, കൗൺസിലർ സിജു യോഹന്നാൻ, സൂപ്രണ്ട് ഷബാന ഷാഫി തുടങ്ങയവർ സംസാരിച്ചു.

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 406/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. Mrs. Bincy, Age 46 Years, W/o. Saji, Thevarkanathil (H)Anicadu, Avoly PO, Ernakulam District, Kerala, PIN - 686670
2 Mr. Saji, Age 49 Years, S/o. Varghese, Thevarkanathil (H) Anicadu Avoly PO, Ernakulam District, Kerala, PIN – 686670
3. Mr. Roy M, S/o. Thomas,Makkal (H),Vettoor,Muzhuvannur South, NelladPO,ErnakulamDistrict,Kerala, PIN - 686669
- Respondents

The above numbered case is posted to 07.03.2025 for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer